**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3813** **27-06-2024 - ൽ മറുപടിയ്ക്ക്**

**സ്പോർട്സ് ക്വാട്ടയിൽ നൽകിയ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2016-21 ലെ സർക്കാരിന്റെ കാലയളവിലും ഈ സർക്കാരിന്റെ കാലയളവിലും സ്പോർട്സ് ക്വാട്ടയിൽ എത്ര കായിക താരങ്ങൾക്ക് നിയമനം നല്കിയിട്ടുണ്ടെന്ന വിശദാംശം നൽകാമോ? | (എ) | 2010 മുതൽ 2014 വരെയുള്ള വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായുള്ള ഒഴിവുകളിലേക്ക് 260 കായികതാരങ്ങൾക്ക് വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിൽ നിയമന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരമായ ശ്രീ. സി. കെ. വിനീതിന് പൊതുഭരണ വകുപ്പിലും ദേശീയ വോളിബോൾ കിരീടം നേടിയ കേരള ടീമിലെ അംഗമായ ശ്രീ. സി.കെ. രതീഷിന് കിൻഫ്രയിലും 2007 ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിനായി മികച്ച പ്രകടനം കാഴ്ച വെച്ച ശ്രീ. ഷൈബൻ ഇ.ബി.ക്ക് കേരള വാട്ടർ അതോറിറ്റിയിലും നിയമനം നൽകിയിട്ടുണ്ട്.<br><br>കൂടാതെ 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് മെഡലുകൾ നേടിയ 155 കായികതാരങ്ങൾക്ക് വിവിധ വകുപ്പുകളിലായി നിയമനം നൽകി. എഴുപത്തിരണ്ടാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായികതാരങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്.<br><br>കേരള പോലീസിൽ 2016 മുതൽ നാളിതുവരെ 179 കായികതാരങ്ങൾക്ക് നിയമനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ